# മതനേതാക്കൾ എന്തെടുക്കുകയാണ്?

**സമൂഹത്തെ** പിടികൂടിയ മാറാരോഗങ്ങളാണ് മദ്യം, ലഹരി പദാർഥങ്ങൾ, അശ്ലീലത, സ്ത്രീധനം തുടങ്ങിയവ. ഇവയിൽനിന്ന് ജനങ്ങളെ മോചിപ്പിച്ചെടുക്കേണ്ടത് മഹല്ലുകളുടെയും കൂടി ഉത്തരവാദിത്വമാണ്. മഹല്ലു സംസ്കരണത്തിന്റെ പ്രധാന ഭാഗമാണത്. എന്നാൽ മഹല്ലു ഖാദിമാർക്കും ഖത്വീബുമാർക്കും നേതാക്കൾക്കും തർക്കങ്ങളും കക്ഷിവഴക്കുകളും കഴിഞ്ഞ് സമൂഹ സംസ്കരണത്തിന് സമയമില്ലാതായിരിക്കുന്നു.

മദ്യപിച്ച് ലക്കും ലഗാനുമില്ലാതെ യുവാക്കൾ കൺമുന്നിലൂടെ നടക്കുമ്പോഴും അതിനെതിരെ പ്രതികരിക്കാതെ കവലകളിൽ മൈക്കുകെട്ടി പരസ്പരം കൊമ്പുകോർക്കുകയാണ് 'കിതാബോതിയവർ!'

അശ്ലീലത അരങ്ങു തകർക്കുമ്പോഴും ചെറിയ കുട്ടികൾവരെ മേനികാട്ടുന്ന ഫാഷൻ ഡ്രസ്സിനു പിന്നാലെ മത്സരിച്ചോടുമ്പോഴും പള്ളിമൂലകളിൽ തർക്കശാസ്ത്രത്തിന്റെ പുതിയ അധ്യായങ്ങൾ മനഃപാഠമാക്കാൻ ശ്രമിക്കുകയാണ് 'മതപണ്ഡിതർ'!

രക്ഷിതാക്കൾ കണ്ണീരൊഴുക്കി പിരിച്ചെടുത്ത പണംകൊണ്ടൊരുക്കിയ ഭക്ഷണവും കഴിച്ച് നികാഹും നടത്തി കമീഷനും വാങ്ങി സന്തോഷത്തോടെ ഇറങ്ങിപ്പോകുന്ന പുരോഹിതൻമാരും സഹായികളും സ്ത്രീധനം ഉപകാരമുള്ള ബിദ്അത്താണെന്ന് ഫത്വയിറക്കാനും ധൃഷ്ടരാകുന്നു. ഒന്നിച്ചു ജീവിക്കുകയും ഒരു ഇമാമിന്റെ പിന്നിൽ നമസ്കരിക്കുകയും ചെയ്യുന്നവരെ തമ്മിലടിക്കാനും തർക്കിക്കാനും പഠിപ്പിക്കുന്ന പുരോഹിതന്മാർ മുസ്‌ലിം സമൂഹത്തിന്റെ ഐക്യവും ഒരുമയും തകർക്കുകയാണ്. ഇതുകൊണ്ടൊക്കെ പരലോകത്ത് എന്താണാവോ ഇവർക്കു നേടാനുള്ളത്?

**സിയാഉദ്ദീൻ ബിൻ ഹംസ**
**സൗത്ത് അന്തമാൻ**




## എം. ടിയെപ്പറ്റി ഇത്രകൂടി

**1952-53** കാലത്ത് മർഹൂം മുഹമ്മദ് അമാനി മൗലവിയുടെ ദർസിൽ വാണിയമ്പലത്തിനടുത്ത് തൊടികപ്പുലത്ത് പഠിക്കുകയായിരുന്നു ഞാൻ.

കെ. അബ്ദുസ്സലാം മൗലവി ആ ദർസിൽ പഠിക്കുന്നുണ്ടായിരുന്നു. മാസങ്ങൾക്ക് ശേഷം അദ്ദേഹം അവിടം വിട്ടുപോയി. എനിക്ക് വല്ലാത്ത ഒറ്റപ്പെടൽ അനുഭവപ്പെട്ടു. വീടും കുടുംബവും വിട്ട്നിന്ന പരിചയമില്ല. ഭക്ഷണമാവട്ടെ നാട്ടിലേതിൽനിന്ന് വളരെ വ്യത്യസ്തവും. ആഴ്ചചന്തയിൽ കിട്ടുന്ന ഉണക്കമീനാണ് പ്രധാനം. കഞ്ഞിവെള്ളത്തിൽ മത്തനിലയിട്ട് താളിച്ച കറി. ഞാൻ ജമാഅത്തനുഭാവിയായതിനാൽ സതീർഥ്യരുടെ പരിഹാസം വേറെയും.

അങ്ങനെ ഞാനും സ്ഥലം വിട്ടു. ആയിടക്കാണ് മർഹൂം എം.ടി അബ്ദുർറഹ്മാൻ മൗലവി കാഞ്ഞിരപ്പള്ളിയിൽ റാവുത്തർമാർ നടത്തുന്ന നൂറുൽ ഹുദാ കോളേജിൽ വരുന്നുണ്ടെന്ന് അറിഞ്ഞത്. അബ്ദുസ്സലാം മൗലവിയുടെ കൂടെ ഞാനും അങ്ങോട്ട് പോയി.

മൂന്നു നാല് ദിവസം എം.ടി വരുന്നതുംകാത്ത് അവിടെ തങ്ങി. പക്ഷേ എം.ടിയെ എടവനക്കാട് ഇർശാദിയക്കാർ വിട്ടില്ല. അതിനാൽ ഞങ്ങൾക്കും എടവനക്കാട്ടേക്ക് പോകേണ്ടിവന്നു.

അബ്ദുസ്സലാം മൗലവിയടക്കം എല്ലാവരും എം.ടിയുടെ ശിഷ്യത്വം സ്വീകരിച്ചു പഠനം തുടർന്നു. അവരുടെ വിദ്യാർഥിയായി ഞാനും.

എടവനക്കാട്ട് ഇർശാദിയയുടെ വാർഷികത്തിൽ എം.ടി എഴുതിത്തന്ന അറബി പ്രസംഗം കാണാതെ പഠിച്ച് അവതരിപ്പിച്ച് സമ്മാനം നേടിയത് ഓർമയുണ്ട്.

മർഹൂം എം.ടിയെപ്പോലെ തന്നെ മുഹമ്മദ് അമാനി ഉസ്താദും ജമാഅത്തിനെ എതിർക്കാത്ത മഹാനായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് പഠിച്ചിരുന്ന കാലത്താണ് എടയൂരിൽ ജമാഅത്തിന്റെ സംസ്ഥാന സമ്മേളനം നടന്നത്. അതിലേക്ക് ഞാനും മൗലവിയുമൊക്കെ കൊളത്തൂർ വഴി നടന്നു പോയത് ഓർക്കുന്നു.

**അലിഹസൻ വാണിമേൽ**

## വാരിയെല്ല് എന്ന പരിഭാഷ

**റാശിദുൽ** ഗനൂശിയുടെ 'സ്ത്രീപഠനം' ശ്രദ്ധേയവും കാലിക പ്രസക്തവുമാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ അലീ ശരീഅത്തി ഇക്കാര്യത്തിൽ നടത്തുന്ന നിരീക്ഷണം വിപ്ലവാത്മകമാണ്. സ്ത്രീയും പുരുഷനും വ്യത്യസ്ത പദാർഥങ്ങളിൽനിന്നുണ്ടായവരാണെന്ന ജർമൻ ചിന്തകൻ നീഷേയുടെ വിലയിരുത്തലിനെ ശരീഅത്തി ചോദ്യം ചെയ്യുന്നുണ്ട്. മാത്രമല്ല, ബൈബിൾ പരാമർശം പോലും തെറ്റായി വ്യാഖ്യാനിക്കപ്പെട്ടതാണെന്നാണ് ശരീഅത്തിയുടെ നിരീക്ഷണം. അദ്ദേഹത്തിന്റെ വാക്കുകൾ: "വാരിയെല്ല് എന്നത് തെറ്റായ ഒരു പരിഭാഷയത്രെ. ഹീബ്രു-അറബി ഭാഷകളിൽ അതിന്റെ യഥാർഥ അർഥം പ്രകൃതം (Nature) എന്നാണ്. അതുകൊണ്ട് ഹവ്വയെ മനുഷ്യപ്രകൃതത്തിൽനിന്ന് തന്നെയാണ് സൃഷ്ടിച്ചത്. അവന്റെ വാരിയെല്ലിൽനിന്നല്ല" (*തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ*, പേജ് 75). ശരീഅത്തിയുടെ *സ്ത്രീയും പ്രവാചകനും* എന്ന കൃതിയിലും ഇത്തരം നിരീക്ഷണങ്ങൾ കാണാം.

**ഹസനുൽ ബന്ന കുഞ്ഞിമംഗലം**

# സംഘ്പരിവാറിന്റെ മാധ്യമ സ്വാധീനം

**മാധ്യമങ്ങളിലെ** സംഘ്പരിവാര്‍ നുഴഞ്ഞുകയറ്റത്തെ കുറിച്ച ലേഖനത്തിന് (2009 മെയ് 2) ഒരു അനുബന്ധമാണിത്. മലയാളത്തിലെ ഒരു പ്രമുഖ ദേശീയ പത്രത്തിന്റെ എഡിറ്റ് പേജില്‍ സംഘ്പരിവാറിന്റെ ആശയങ്ങള്‍ക്ക് ബലം നല്‍കുന്ന ലേഖനങ്ങളും പ്രതികരണങ്ങളും നിരന്തരം പ്രസിദ്ധീകരിച്ചുവരുന്നു. ലോക്‌സഭാ ഇലക്ഷന്‍ സമയത്ത് ഇത് വളരെ പ്രകടമായിരുന്നു. ബി.ജെ.പി നിരന്തരം ഉന്നയിക്കുന്ന ആരോപണങ്ങളാണ്, മുസ്‌ലിംകള്‍ക്ക് വാരിക്കോരി ആനുകൂല്യങ്ങള്‍ നല്‍കി പ്രീണിപ്പിക്കുന്നു, അവരിലെ മുക്രിമാര്‍ക്കും ഉസ്താദുമാര്‍ക്കും വലിയ പെന്‍ഷനും മറ്റ് ആനുകൂല്യങ്ങളും നല്‍കുന്നു, അവരെ പ്രീണിപ്പിക്കാന്‍ വേണ്ടി അലീഗഢ് സര്‍വകലാശാലയുടെ ഓഫ് കാമ്പസ് കൊണ്ടുവരുന്നു തുടങ്ങിയവ. ഈ നിലപാടുകാര്‍ക്ക് പ്രസ്തുത പത്രം ഉദാരമായി സ്ഥലമനുവദിക്കുമ്പോള്‍ തോന്നും കേരളത്തിലെ മുഴുവന്‍ ഹിന്ദു സഹോദരങ്ങളും സംഘ്പരിവാര്‍ ആശയമുള്ളവരാണെന്ന്.

ഒരു പക്ഷേ ബി.ജെ.പി ആഗ്രഹിക്കുന്നതും ഇതു തന്നെയാണല്ലോ. ആര്‍.എസ്.എസ് ആശയങ്ങളെ കടുത്ത രീതിയില്‍ വിമര്‍ശിച്ചെഴുതിയ കത്തുകള്‍ പ്രസിദ്ധീകരിക്കേണ്ടിവന്നാല്‍ത്തന്നെ പതിവിന് വിപരീതമായി മറുപ്രതികരണം നല്‍കി ഹിന്ദുത്വ ആശയക്കാരായ വായനക്കാരെ പ്രീതിപ്പെടുത്താനും ശ്രമിക്കുന്നു.

സ്വതന്ത്ര ഓണ്‍ലൈന്‍ എന്‍സൈക്ലോപീഡിയയായ *വിക്കിപീഡിയ*യുടെ മലയാളം (ഇംഗ്ലീഷ് പതിപ്പിന്റേതും വ്യത്യസ്തമല്ല) താളുകളിലെ ആര്‍.എസ്.എസിനെയും അതിന്റെ സൈദ്ധാന്തികരെയും കുറിച്ചുള്ള വിവരണങ്ങള്‍ ശുദ്ധഗതിക്കാര്‍ വായിക്കുകയാണെങ്കില്‍ ഇത്രനല്ല സംഘടനയും ദേശസ്നേഹികളായ നേതാക്കളും ഭാരതത്തില്‍ വേറെ ഇല്ല എന്നേ തോന്നൂ. പ്രശ്നം നുഴഞ്ഞുകയറ്റം തന്നെ. വായനയിലും എഴുത്തിലും അക്കാദമിക കാര്യങ്ങളിലും താല്‍പര്യമുള്ളവര്‍ ഓണ്‍ലൈന്‍ മാധ്യമ രംഗത്ത് നടക്കുന്ന ഈ ബ്രാഹ്മണിക-ഉപരിവര്‍ഗ-വര്‍ഗീയ മാനിപ്പുലേഷനെ നിസ്സാരമായി കണ്ടുകൂട.

അതേസമയം ഇതിന്റെയൊരു മറുവശം കാണാതിരിക്കുന്നത് ഈ കുറിപ്പ് ഏകപക്ഷീയമാവാനിടവരും. മേല്‍ സൂചിപ്പിച്ച പത്രത്തിന്റെ തന്നെ വാരിക, സമീപകാലത്ത് സ്വീകരിച്ചുവരുന്ന പോസിറ്റീവ് നിലപാട് ശ്രദ്ധേയമാണ്. മാര്‍ക്കറ്റിംഗ് പോളിസി ഒരു ഘടകമായിരിക്കാമെങ്കിലും ആ വാരികയുടെ പത്രാധിപ സമിതിയില്‍ വന്ന മാറ്റമാവണം ഒരു പരിധിവരെ എല്ലാ വിഭാഗക്കാര്‍ക്കും പ്രാതിനിധ്യം നല്‍കുന്ന സമീപനം സ്വീകരിക്കാന്‍ ഇടയാക്കിയത്.

**എ.പി ഖലീലുര്‍റഹ്മാന്‍ ദുബൈ**

# മന്നത്തെ മുത്തഫിഖ് ഹല്‍ഖ

**ടി.കെ** ആലുവയുടെ (മെയ് 16) ഓര്‍മക്കുറിപ്പില്‍ 1979 മാര്‍ച്ചില്‍ മന്നത്ത് ജമാഅത്തിനോട് അനുഭാവം പുലര്‍ത്തുന്ന കുറച്ചാളുകളെ ചേര്‍ത്ത് ഹല്‍ഖ രൂപീകരിച്ചു എന്നെഴുതിയിരിക്കുന്നു.

യഥാര്‍ഥത്തില്‍ 1968-69ല്‍ തന്നെ മന്നം പ്രദേശത്ത് മുത്തഫിഖ് ഹല്‍ഖ രൂപീകരിക്കപ്പെട്ടിരുന്നു. എനിക്ക് പന്ത്രണ്ടു വയസ്സുള്ള അക്കാലത്ത് ഞാന്‍ സ്ഥിരമായി ആ ഹല്‍ഖയില്‍ പിതാവിനോടൊപ്പം പങ്കെടുത്തിരുന്നു. 'ആ പ്രദേശത്തെ ഏക ജമാഅത്തുകാരനായിരുന്നു കെ.കെ ഇബ്റാഹീംകുട്ടി' എന്ന പരാമര്‍ശവും തെറ്റാണ്. ജമാഅത്ത് മെമ്പര്‍മാരായിരുന്നു മര്‍ഹൂം പി.കെ അബ്ദുല്ല മൗലവി, മര്‍ഹൂം എം.എസ് മൂസ, മര്‍ഹൂം മുഹമ്മദ്കുട്ടി, ഇപ്പോള്‍ ജീവിച്ചിരിക്കുന്ന ബീരാവു സാഹിബ്, പി.ബി അബ്ദുല്‍ ജബ്ബാര്‍, പി.ബി ഹമീദ് ബാവ എന്നിവരൊക്കെയും 1968 മുതല്‍ തന്നെ മുത്തഫിഖുകളായി ഉണ്ടായിരുന്നു.

അക്കാലത്ത് എറണാകുളം ജില്ലയില്‍ പല പ്രദേശങ്ങളിലും ഹല്‍ഖകള്‍ സ്ഥാപിച്ച, ജമാഅത്തിന്റെ ഫുള്‍ടൈം പ്രവര്‍ത്തകനായിരുന്ന മര്‍ഹൂം പി.കെ അബ്ദുല്ല മൗലവിയെ കുറിച്ച് ഒന്നും കുറിക്കാതിരുന്നത് ഉചിതമായില്ല.

**പി.എ ശറഫുദ്ദീന്‍ പറവൂര്‍**

## ചുരുക്കെഴുത്ത്

**'ചാനല്‍** വൈകരുത്' എന്ന തലക്കെട്ടില്‍ നിയാസ് ഫാറൂഖ് കോളേജ് എഴുതിയ കത്ത് വായിച്ചു. വിഷയം തികച്ചും കാലിക പ്രസക്തവും കൂടുതല്‍ പരിഗണന അര്‍ഹിക്കുന്നതുമാണ്. ചാനലുകള്‍ തലമുറകളെ വഴിതെറ്റിക്കുമ്പോള്‍ പ്രതീക്ഷ നല്‍കുന്ന വേറിട്ട ഒരു ചാനല്‍ ഉണ്ടാവണം. കാലഘട്ടത്തിനനുസരിച്ച് മുമ്പോട്ട് പോയാല്‍ കൂടുതല്‍ ഊര്‍ജസ്വലമായ ഒരു തലമുറ രംഗത്തുവരുമെന്ന കാര്യത്തില്‍ സംശയമില്ല

**ഡോ. മുഹമ്മദ് അസ്‌ലം വടകര**

# 'ഇസ്‌ലാം മതം' എന്ന പ്രയോഗം

**മതത്തെ** സാമൂഹിക ജീവിതത്തില്‍നിന്ന് മാറ്റി പള്ളികളിലും ക്ഷേത്രങ്ങളിലും ചര്‍ച്ചുകളിലും ഒതുക്കിനിര്‍ത്തുകയും പൗരോഹിത്യ ചൂഷണോപാധിയാക്കുകയും ചെയ്ത ഘട്ടത്തില്‍, മനുഷ്യന് ദൈവം നല്‍കിയ ജീവിത വ്യവസ്ഥയാണ് ഇസ്‌ലാം എന്നും ഇസ്‌ലാമിക ജീവിത ദര്‍ശനത്തിന്റെ സംസ്ഥാപനത്തിലൂടെ മാത്രമേ മനുഷ്യന്റെ പ്രശ്നങ്ങള്‍ക്ക് പരിഹാരമാവൂ എന്നും ആഹ്വാനം ചെയ്ത് രംഗത്തുവന്നവയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍. ഇന്ത്യയില്‍ രൂപംകൊണ്ട ആദര്‍ശ വിപ്ലവ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി 'ഒരു ജീവിതദര്‍ശനം' എന്ന നിലയിലാണ് ഇസ്‌ലാമിനെ പരിചയപ്പെടുത്തിയത്. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലങ്ങളില്‍ ഇസ്‌ലാം ചര്‍ച്ച ചെയ്യപ്പെട്ടതും അതുകൊണ്ടുതന്നെ.

ജമാഅത്തെ ഇസ്‌ലാമി കേരള ഘടകത്തിന്റെ മുഖപത്രമാണ് *പ്രബോധനം*. സമകാലിക സാഹചര്യത്തില്‍ ചിന്താവിപ്ലവം സൃഷ്ടിക്കുന്നതില്‍ അതിന് വലിയ പങ്കുണ്ട്. ഇസ്‌ലാമിന്റെ തനതായ വായന കേരളത്തോടൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളില്‍ അതുവഴി നിര്‍വഹിക്കപ്പെടുന്നു. എന്നാല്‍ *പ്രബോധന*ത്തിലെ ചില ലേഖനങ്ങളില്‍ 'ഇസ്‌ലാം മതം' എന്ന പ്രയോഗം ആവര്‍ത്തിച്ചുവരുന്നതായി ശ്രദ്ധയില്‍പെട്ടു. 'ഇസ്‌ലാം മതം' എന്ന പ്രയോഗം, ഒരു ജീവിതവീക്ഷണം എന്ന തലത്തില്‍ ഇസ്‌ലാമിനെ നോക്കിക്കാണാന്‍ ആഗ്രഹിക്കുന്നവര്‍ക്കിടയില്‍ ആശയക്കുഴപ്പം ഉണ്ടാക്കാന്‍ സാധ്യതയുണ്ട്; ഇസ്‌ലാമിനെ ജീവിതവ്യവസ്ഥ എന്ന അര്‍ഥത്തില്‍ അവതരിപ്പിക്കുമ്പോള്‍ പ്രത്യേകിച്ചും.

'ഇസ്‌ലാം മതം' എന്ന് ഉപയോഗിക്കുന്നത് നല്ലതല്ല. 'ഇസ്‌ലാം' എന്നാണ് ഉപയോഗിക്കേണ്ടത് എന്ന് പലരും പറയുന്നു.

*പ്രബോധന*ത്തില്‍ വരുന്ന ലേഖനങ്ങളില്‍ ഇത്തരം പരാമര്‍ശങ്ങള്‍ ഒഴിവാക്കാന്‍ ലേഖകരുന്നത് നന്നായിരിക്കും.

**സി.കെ.എം മാറഞ്ചേരി**